## എമ്മാവൂസ്

# വചനദൂത്



# പാവങ്ങളുടെ അമ്മ

ജനനം കൊണ്ട് അൽബേനിയാക്കാരിയും പൗരത്വം കൊണ്ട് ഇൻഡ്യാക്കാരിയും വിശ്വാസത്തിൽ കത്തോലിക്കാ സന്യാസിനിയും ലോകമെങ്ങുമുള്ള പതിതരിൽ പാവപ്പെട്ടവർക്കായി ജീവിതം അർപ്പിച്ചവളും ഹൃദയത്തിൽ ഈശോയുടേതു മാത്രമായവളുമായ വിശുദ്ധ മദർതെരേസായുടെ ജീവിതം നമുക്കെന്നും മാതൃകയും പ്രചോദനവുമാണ്. കേവലം അഞ്ചുരൂപയുമായി കൽക്കട്ടായുടെ തെരുവീഥികളിൽ പ്രവർത്തനം ആരംഭിച്ച ആഗ്നസ് എന്ന ചെറിയ മനുഷ്യസ്ത്രീ ഇന്ന് മദർതെരേസാ എന്ന പേരിൽ ആഗോള കത്തോലിക്കാസഭയിലും ലോകമെങ്ങും അറിയപ്പെടുന്നു. പൊക്കം കുറഞ്ഞവളും കാഴ്ചയ്ക്കു വിരൂപയായവളുമായ ഒരു സന്യാസിനിയ്ക്ക് എങ്ങനെ ഇത്രമാത്രം ജനഹൃദയങ്ങളെ ആകർഷിക്കുവാനും അനേകരുടെ മനസ്സുകളെ കീഴടക്കുവാനും സാധിച്ചു? വിശുദ്ധ മദർതെരേസായുടെ തിരുനാൾദിനം നാം ചിന്തിയ്ക്കേണ്ട യാഥാർത്ഥ്യമാണത്.

ഒന്നാമതായി വി. തെരേസായ്ക്ക് അനേകരെ സ്വാധീനിക്കുവാൻ കഴിഞ്ഞത് അവളുടെ ജീവിതം മുഴുവൻ യേശുവിൽ അധിഷ്ഠിതമായതുകൊണ്ടാണ്. ഈശോ ആയിരുന്നു അവളുടെ ജീവിതത്തിന്റെ അടിസ്ഥാനവും ലക്ഷ്യവും. ക്രിസ്തു കേന്ദ്രീകൃതമായ ജീവിതവും പ്രവർത്തനങ്ങളുമാണ് വി. തെരേസായുടെ ആദ്ധ്യാത്മികതയുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനം. ഈ ലോകത്തിൽ അവൾ ചെയ്ത കാര്യങ്ങളുടെയെല്ലാം അടിസ്ഥാനം യേശുവും അവന്റെ മഹത്വവും ആയിരുന്നു. മദർ തെരേസായുടെ കുമ്പസാരക്കാരന്റെ വാക്കുകളിൽ പറഞ്ഞാൽ മദറിന്റെ ജീവിതത്തിന്റെ അർത്ഥം മുഴുവൻ 'യേശു' എന്ന ഒറ്റവാക്യത്തിൽ സംഗ്രഹിക്കാം. വിശുദ്ധയുടെ ജീവിതത്തിന്റെ വെളിച്ചം മുഴുവൻ യേശുവായിരുന്നു; അവന്റെ പഠനങ്ങൾ ആയിരുന്നു. നമ്മുടെ ആത്മാവിന്റെ വിശപ്പടക്കാൻ ദൈവം വേണം. ദൈവം നമുക്ക് നഷ്ടപ്പെടുമ്പോഴാണ് നമ്മുടെ ആത്മാവിൽ ഇരുട്ട് കയറുന്നത്. വിശുദ്ധയ്ക്ക് ഉത്തമബോധ്യമുണ്ടായിരുന്നു യേശുവാകുന്ന പ്രകാശത്തിനു മാത്രമേ അവളുടെ ആത്മാവിന്റെ ഇരുളകറ്റാൻ കഴിയുകയുള്ളുവെന്ന്.



ഫാ. തോമസ് പ്ലാത്തോട്ടം

“നിങ്ങൾ എന്നിൽ വസിക്കുവിൻ. ഞാൻ നിങ്ങളിലും വസിക്കും. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല” (യോഹ 15,4). മദർ തെരേസാ യേശുവാകുന്ന മുന്തിരിച്ചെടിയോട് സദാ ചേർന്നുനിന്നു. അവൾ യേശുവിനെ ബൈബിളിൽ, സഭയിൽ, പ്രാർത്ഥനയിൽ, വിശുദ്ധ കുർബാനയിൽ, തന്റെ സഭാ സമൂഹത്തിലെ സഹോദരികളിൽ, തന്റെ ശുശ്രൂഷാ മേഖലകളിൽ താൻ കണ്ടുമുട്ടിയ വ്യക്തികളുടെ ഹൃദയങ്ങളിൽ, തന്റെ സഹായം ആവശ്യമുള്ളവരിൽ വളരെ പ്രത്യേകമായി പാവപ്പെട്ടവരുടെ മുഖങ്ങളിൽ യേശുവിനെ കണ്ടുമുട്ടി. അവർക്ക് ശുശ്രൂഷ ചെയ്തു, സേവനം ചെയ്തു. ഒരിക്കൽ വിശുദ്ധ പറഞ്ഞു അനുദിനം പ്രഭാതത്തിൽ അൾത്താരയിൽ ഞാൻ കണ്ടുമുട്ടുന്ന ഈശോയെ, പാവപ്പെട്ടരുടെ മുഖത്ത് കാണുവാൻ എനിക്കു സാധിക്കുന്നതുകൊണ്ടാണ് പാവങ്ങൾക്കായി ശുശ്രൂഷ ചെയ്യുവാൻ എനിക്ക് സാധിക്കുന്നത്. കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ Honorary Doctorate വാങ്ങാൻ ചെന്നപ്പോൾ ഒരു പത്രപ്രവർത്തകൻ വിശുദ്ധയോടു എന്താണ് അവളെ പാവപ്പെട്ടവർക്കായി ശുശ്രൂഷ തുടങ്ങാൻ ആ ശുശ്രൂഷ ഇന്നും തുടർന്നുകൊണ്ടുപോകുവാൻ പ്രേരിപ്പിച്ച ഘടകം എന്ന് ചോദിച്ചു. മദർ ഉത്തരം പറഞ്ഞു – ‘Jesus’. ഇത്ര ചെറിയ ഉത്തരം കേട്ട് ആ പത്രപ്രവർത്തകൻ നിരാശനായി. യേശുവാണ് മദറിന്റെ ജീവിതത്തിന്റെ വഴികാട്ടിയും വിളക്കും ജീവനും സ്നേഹവും പ്രവർത്തനങ്ങളുടെയെല്ലാം ശക്തിസ്രോതസ്സും.

നമ്മുടെയും ക്രൈസ്തജീവിതവും ഇങ്ങനെ ആയിരിക്കണം യേശു ആയിരിക്കണം നമ്മുടെ ജീവിതത്തിന്റെ വിളക്കും പ്രകാശവും ജീവനും ശക്തിയും തന്നെ തന്നെ വെളിപ്പെടുത്തുന്ന ഈശോയെ അനുദിനം കണ്ടുമുട്ടുന്നവനാണ് ക്രിസ്തുശിഷ്യൻ. വിശുദ്ധ തെരേസായെപ്പോലെ സുവിശേഷത്തിലെ യേശുവിനെ സഭയിൽ, ബൈബിളിൽ, പ്രാർത്ഥനയിൽ, വി. കുർബാനയിൽ, നമ്മുടെ കുടുംബാംഗങ്ങളിൽ, നമ്മുടെ സഹായം ആവശ്യമുള്ളവരിൽ കണ്ടെത്താൻ നമുക്ക് കഴിയണം. അപ്പോൾ നമ്മുടെ ക്രൈസ്തവജീവിതം ഫലം പുറപ്പെടുവിക്കുന്നതായിരിക്കും.

രണ്ടാമതായി മദർതെരേസാ അനേകരുടെ മനസ്സുകളെ കീഴടക്കിയത് യേശുവിന്റെ കൈകളിലെ ഉപകരണമായി വർത്തിച്ചു കൊണ്ടാണ്. വിശുദ്ധ പറഞ്ഞു “I am a God’s Pencil; I am his instrument” നാം ഈശോയുടെ property ആണ്. അവന്റെ സ്വന്തമാണ് നാം. അവനു നമ്മെ അവനിഷ്ടമുള്ള രീതിയിൽ വിനിയോഗിക്കാം. അവന്റെ കൈയ്യിലെ ഉപകരണമെന്ന നിലയിൽ അവനോടു നാം എത്രമാത്രം ചേർന്നു നിൽക്കുന്നുവോ അത്രമാത്രം ഫലം നമുക്ക് പുറപ്പെടുവിക്കാം. ‘എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപോവുകയും ചെയ്യുന്നു’ (യോഹ 15,6). പൗലോസ് ശ്ലീഹാ പറയുന്നു: “ക്രിസ്തുവിന്റെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരുമായിട്ടാണ് ഞങ്ങളെ പരിഗണിക്കേണ്ടത്. കാര്യസ്ഥനു വിശ്വസ്തത കൂടിയേ തീരൂ” (1 കൊറി 4,12). ക്രിസ്തുവിന്റെ കാര്യസ്ഥരായ നാം ക്രിസ്തുവിന്റെ കൈകളിലെ ഉപകരണങ്ങൾ ആണ്. യേശുവിന്റെ കൈകളിലെ പെൻസിലുകളായി, യേശുവിന് ഇഷ്ടമുള്ളരീതിയിൽ ജീവിക്കാനായി പ്രവർത്തിക്കാനായി നമ്മുടെ ജീവിതങ്ങളെ വിട്ടുകൊടുക്കുന്ന ആദ്ധ്യാത്മികത സ്വന്തമാക്കാനാണ് മദർതെരേസായുടെ തിരുനാൾ നമ്മോട് ആവശ്യപ്പെടുന്നത്.

“സർവ്വവും യേശുനാഥനായ് സമർപ്പണം ചെയ്തിടുന്നു സ്നേഹമോടെ നാം” എന്ന ഗാനത്തിന്റെ ഈരടികൾ നാം ഇടയ്ക്കിടയ്ക്ക് പാടിക്കൊണ്ടിരിക്കണം. ജലകുമിളപോലെ ഹൃസ്വമാണ് നമ്മുടെ ജീവിതം. ഈ ജീവിതത്തിൽ സ്വന്തമായി നമുക്കൊന്നുമില്ല. ഒന്നും നേടുന്നുമില്ല സ്വന്തമായി. എല്ലാം ദൈവം തരുന്നതാണ്; തന്നതാണ്. അങ്ങനെ എങ്കിൽ എല്ലാം ദൈവത്തിന്റെ കൈകളിൽ സമർപ്പിച്ച് അവിടുത്തെ ഉപകരണമായി ജീവിക്കുക എത്രയോ സൗഭാഗ്യകരമാണ്. നമുക്കു ചുറ്റുമുള്ള ലോകം വാരിക്കൂട്ടാനും, വെട്ടിപ്പിടിക്കാനും സ്വന്തമാക്കാനും നെട്ടോട്ടം ഓടുന്ന മനുഷ്യരുടെ ലോകമാണ്. അങ്ങനെ ഉള്ള ലോകത്തിൽ നാം വേറിട്ടുചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആദ്ധ്യാത്മികത സ്വന്തമാക്കണം. വാരിക്കൂട്ടാനും വെട്ടിപ്പിടിക്കാനും സ്വന്തമാക്കാനും വെമ്പൽകൊള്ളുന്ന നമ്മെ നോക്കി മദർ തെരേസാ പറയും “അല്ലയോ മനുഷ്യാ നീ കേവലം ആറടി മണ്ണിന്റെ ജന്മി മാത്രമാണ്.” ഒരിക്കൽ മദർ തെരേസാ പറഞ്ഞു നാം ഒരിക്കലും ഭാവിയെക്കുറിച്ച് ആകുലരാകേണ്ട. നമുക്ക് അതിനു കാരണമില്ല. പണത്തെക്കുറിച്ച് ആഗ്രഹം വരുമ്പോൾ പണം തരുന്ന സുഖങ്ങളെപ്പറ്റി ചിന്തിക്കും. നല്ലമുറി, നല്ല ഭക്ഷണം, നല്ല വസ്ത്രം തുടങ്ങി പലകാര്യങ്ങളിലും നമ്മുടെ ആവശ്യങ്ങൾ വർദ്ധിക്കും. അതിന്റെ അനന്തരഫലം ഒരിക്കലും അസ്തമിക്കാത്ത പലവിചാരങ്ങളും സംതൃപ്തിയില്ലായ്മയുമാണ്. അതിനാൽ ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തിൽ ശരണപ്പെട്ട്, ദൈവത്തിന്റെ കൈകളിൽ എല്ലാം ഏൽപ്പിച്ച് അവന്റെ കൈയ്യിലെ ഉപകരണമായി തീരാൻ നമുക്ക് ശ്രമിക്കാം.